# കാളികാവ് ഗ്രാമപഞ്ചായത്ത്

**പതിനാലാം പഞ്ചവത്സര പദ്ധതി**
**(2022-2027)**

# അന്തിമ പദ്ധതി രേഖ

**2026-27**

# കാളികാവ് ഗ്രാമ പഞ്ചായത്ത്

കാളികാവ് പി.ഒ., മലപ്പുറം ജില്ല.



## വികസനത്തിന്റെ ജനകീയ ഭൂപട മാതൃക

പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2026 - 2027 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ആദ്യ ഘട്ടത്തിലാണ് നാമേവരും എത്തി നിൽക്കുന്നത്. മുൻ ഭരണ സമിതി നമുക്കായ് കാഴ്ചവെച്ച ഒട്ടേറെ വികസനപാതകൾ നമുക്ക് മുമ്പിൽ ഇന്നു തുറന്ന പുസ്തകമാണല്ലോ. ആരോഗ്യവും, വിദ്യാഭ്യാസവും, ഗതാഗതവും, കുടിവെള്ളവും എന്നു വേണ്ട സമസ്ത മേഖലകളിലും കൈ മുദ്ര പതിപ്പിച്ച് മുന്നേറുന്ന ഈ പഞ്ചായത്തിന്റെ പുതിയ ഭരണസമിതിക്കും ഒട്ടേറെ സ്വപ്ന പദ്ധതികൾ നടപ്പിലാക്കാൻ ഉണ്ട്. മണ്ണിന്റെ മണവും മനുഷ്യന്റെ വിയർപ്പും ഒത്തുചേരുന്ന ഒരു നാടിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകാനുള്ള വിനീതമായ ശ്രമമാണ് ഈ കരട് പദ്ധതിരേഖ. കെട്ടിട നിർമ്മാണം മാത്രമല്ല വികസനം എന്ന കാഴ്ചപ്പാടിനെ മാറ്റിമറിച്ചു കൊണ്ട് ഓരോ വ്യക്തി പ്രഭാവങ്ങളേയും തൊട്ടുണർത്തുന്ന മികച്ച പദ്ധതികൾക്കായി മാറ്റുരക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

നമ്മുടെ ഗ്രാമത്തിന്റെ നിത്യഹരിത മനോഹാരിതയെ നിലനിർത്തി ആധുനികതയുടെ സൗകര്യങ്ങളെ നിലനിർത്തി കൊണ്ട് ക്ലീൻ കാളികാവ്, അതുപോലെ ഡിജിറ്റൽ യുഗത്തിലെ പുതിയ സാധ്യതകളെ നെഞ്ചിലേറ്റാനും നമ്മെ പ്രാപ്തരാക്കുന്ന ഒരു സമഗ്ര കാഴ്ചപ്പാടും ഈ കരട് പദ്ധതി നിങ്ങൾക്കായി സമർപ്പിക്കുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങളേയും വെല്ലുവിളികളേയും അതിജീവിക്കാൻ ഒരു നാടിനെവാർത്തെടുക്കുക, നിരാലംബരായവരെ ചേർത്തുപിടിച്ച് മുൻനിരയിൽ എത്തിക്കുക വരുംതലമുറക്കായി പ്രകൃതിവിഭവങ്ങളെ കരുതി വെക്കാൻ പരിസ്ഥിതി സൗഹൃദ കൂട്ടായ്മകളെ വളർത്തിയെടുക്കുക ഭരണകർത്താക്കൾക്കൊപ്പം പ്രിയ വോട്ടർമാർക്കും വികസന മേഖലയിൽ പങ്കാളിത്തം ഉറപ്പാക്കി ഗ്രാമസഭയിലും ചർച്ചകളിലും ഉയർന്നുവന്ന ജനഹിതമനുസരിച്ചുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച രൂപരേഖയാണിത്.

ഈ അന്തിമ പദ്ധതിയിൽ പറയുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ പഞ്ചായത്തിന്റെ വികസന ഫണ്ട് മാത്രം കൊണ്ട് സാധിക്കില്ല. എന്നാൽ ബ്ലോക്ക്, ജില്ലാ, MLA, MP, കേന്ദ്ര സർക്കാരുകൾ, പ്രാദേശിക വികസന ഫണ്ടുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ എന്നിവരിൽ നിന്നും പദ്ധതിക്കാവശ്യമായ ഫണ്ട് സ്വരൂപിക്കാമെന്ന ഉറപ്പോടെയാണ് ഈ അന്തിമ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

2026-27 വർഷത്തേക്കുള്ള കരട് പദ്ധതി നിർദ്ദേശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലൂടെ ഉരുത്തിരിഞ്ഞ് ഗ്രാമസഭകൾ അംഗീകരിച്ച് മുൻഗണന നൽകിയ അന്തിമ പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നത്.

നമ്മുടെ പഞ്ചായത്തിന്റെ നാളത്തെ ചരിത്രത്തിലേക്കുള്ള ചുവടുവെപ്പാണിത്. ജാതി മത രാഷ്ട്രീയ ഭേദമന്യേ കൈകൾ കോർത്ത് മുന്നേറാനും നമ്മുടെ സ്വപ്ന പദ്ധതികൾ നടപ്പിലാക്കാനും ഉദ്യോഗസ്ഥ പ്രമുഖർ, ഭരണ സമിതി അംഗങ്ങൾ, അധ്യക്ഷൻമാർ, പൊതുപ്രവർത്തകർ, രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിഎല്ലാ പ്രിയജനങ്ങളും ഞങ്ങളോട് അകമഴിഞ്ഞ് സഹായിച്ചിട്ടുണ്ട്. എല്ലാവർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തി കൊണ്ട് നാളെയുടെ ക്ലീൻകാളികാവിനായി നമുക്ക് ഒരുമിച്ച് കൈകൾ കോർക്കാം മുന്നേറാം."

പദ്ധതി രൂപീകരണത്തിലും, നിർവ്വഹണ പ്രവർത്തനങ്ങളിലും നിങ്ങളുടെ ഓരോരുത്തരുടെയും സഹായവും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട് 2026-27 വർഷത്തേക്കുള്ള കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ അന്തിമ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**രമ രാജൻ**

പ്രസിഡന്റ്,

കാളികാവ് ഗ്രാമ പഞ്ചായത്ത്.

# കാളികാവ് ഗ്രാമപഞ്ചായത്ത്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| ജില്ല | : | മലപ്പുറം |
| ബ്ലോക്ക് | : | കാളികാവ് |
| വിസ്തീർണ്ണം | : | 92 (ച. കി.മീ) |
| ഗ്രാമപഞ്ചായത്ത് വാർഡുകളുടെ എണ്ണം | : | 22 |
| ജനസംഖ്യ | : | 40708 |
| പുരുഷന്മാർ | : | 20223 |
| സ്ത്രീകൾ | : | 20485 |
| സ്ത്രീ : പുരുഷ അനുപാതം | : | 1002 : 1006 |
| മൊത്തം സാക്ഷരത | : | 89.14 % |
| സാക്ഷരത (പുരുഷന്മാർ) | : | 92.31 |
| സാക്ഷരത (സ്ത്രീകൾ) | : | 85.97 |

**അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | പശ്ചിമഘട്ട മലനിരകൾ (തമിഴ്നാട്) |
| വടക്ക് | : | ചോക്കാട് ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കരുവാരകുണ്ട്, തുവ്വൂർ, ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വണ്ടൂർ- പോരൂർ ഗ്രാമപഞ്ചായത്തുകൾ |

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് | : | രമ രാജൻ |
| ഫോൺ (ഓഫീസ്) | : | 9496047796 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേര് | : | അബ്ദുൽ ഷുക്കൂർ കെ. |
| ഫോൺ (ഓഫീസ്) | : | 9496047797 |


# കാളികാവിന്റെ ജനപ്രതിനിധികൾ



**പ്രിയങ്ക ഗാന്ധി**
(MP)



**എ.പി. അനിൽകുമാർ**
(MLA)



**മുസ്തഫ**
**അബ്ദുൽ ലത്തീഫ്**
(മെമ്പർ, മലപ്പുറം
ജില്ലാ പഞ്ചായത്ത്)



**റൈഹാനത്ത്**
**കുറുമാടൻ**
(മെമ്പർ, മലപ്പുറം
ജില്ലാ പഞ്ചായത്ത്)



**അബ്ദുൽ ഹമീദ് കെ.**
(മെമ്പർ, കാളികാവ്
ബ്ലോക്ക് പഞ്ചായത്ത്)



**റഷീദ് പൊറ്റയിൽ**
(മെമ്പർ, കാളികാവ്
ബ്ലോക്ക് പഞ്ചായത്ത്)



**സുബൈദ കുന്നത്ത്**
(മെമ്പർ, കാളികാവ്
ബ്ലോക്ക് പഞ്ചായത്ത്)



**മെഹറുന്നീസ**
(മെമ്പർ, കാളികാവ്
ബ്ലോക്ക് പഞ്ചായത്ത്)

# കാളികാവ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**രമ രാജൻ**
(പ്രസിഡണ്ട്)



**അബ്ദുറഹിമാൻ അഞ്ചച്ചവിടി**
(വൈസ് പ്രസിഡണ്ട്)



**അബ്ദുൽഷുക്കൂർ കെ.**
(സെക്രട്ടറി)



**ഷാഹിന പി.**
(വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)




**സലീന പി.**
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)



**സവാദ് പൂങ്ങോട്**
(ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)



**ശിഹാബുദ്ധീൻ സി. ടി.**
(മെമ്പർ)




**ഫസ്ന കെ.**
(മെമ്പർ)



**ലൈല പി.കെ.**
(മെമ്പർ)



**മുഹമ്മദ് ഹാരിസ് പി.**
(മെമ്പർ)



**ശങ്കരൻ പുല്ലാനി**
(മെമ്പർ)



**എം. കെ. ഷിഹാബുദ്ദീൻ**
(മെമ്പർ)



**ജമാലുദ്ദീൻ സി.**
(മെമ്പർ)



**മുബീന**
(മെമ്പർ)



**ഫസ്‌ല**
(മെമ്പർ)



**ഷാനി കെ.**
(മെമ്പർ)



**മുജീബ്റഹ്മാൻ വി. പി.**
(മെമ്പർ)



**റിയാന**
(മെമ്പർ)



**സന്ധ്യ പി.**
(മെമ്പർ)



**എ. പി. സിറാജ്**
(മെമ്പർ)



**നസീമ പറമ്പത്ത്**
(മെമ്പർ)



**ജിംഷാദ് മൂച്ചിക്കൽ**
(മെമ്പർ)



**റിയാസ്ബാബു**
(മെമ്പർ)

# ഭാഗം 1 :
# തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

മലനിരകളും, ചെറുകുന്നുകളും, പാടങ്ങളും സമതലങ്ങളുമായി സമ്മിശ്രമായിട്ടുള്ള ഒരു ഭൂപ്രകൃതിയാണ് പഞ്ചായത്തിനുള്ളത്. ചെറുപുഴ, കാളികാവ് പുഴ, പള്ളിശ്ശേരി തോട്, അഞ്ചച്ചവിടി തോട്, പാത്തികല്ല് തോട്, പാവുടുക്ക തോട്, കാക്കതോട് തുടങ്ങിയവയാണ് പഞ്ചായത്തിലെ ജല സ്രോതസ്സ്. കൂടാതെ ചെറുതും വലുതുമായ ധാരാളം കുളങ്ങളും, കിണറുകളും ജലസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നുണ്ട്. നെല്ലും, പൂളയും, വാഴയും, പച്ചക്കറിയും കൃഷി ചെയ്യാൻ അനുയോജ്യ മായ പാടശേഖരങ്ങളും, തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയവക്കനുയോജ്യമായ പ്രദേശങ്ങളാണ് പഞ്ചായത്തിലുള്ളത്. എന്നിരുന്നാലും പാറക്കെട്ടുകളും, പാറക്വാറികളും, ചെങ്കൽ ക്വാറികളും ഈ പ്രദേശത്ത് നിലവിലുണ്ട്. കൃഷിക്കാർക്ക് ആവശ്യമായ മഴ ലഭിക്കുന്നത് കൊണ്ടും, മേൽപറഞ്ഞ ജലലഭ്യതകൾ ഉള്ളതുകൊണ്ടും ജലക്ഷാമം രൂപക്ഷമായി ഈ പ്രദേശത്ത് അനുഭവപ്പെടുന്നില്ല. എന്നാൽ വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളും ഉണ്ട്.

ഭൂപ്രകൃതിക്കനുയോജ്യമായ രീതിയിൽ കരഭാഗങ്ങളിൽ തെങ്ങ്, റബ്ബർ എന്നീ കൃഷികൾ ചെയ്ത് വരുന്നുണ്ട്. പാടശേഖരങ്ങളിൽ പൊതുവെ നെൽകൃഷി കുറഞ്ഞ് വരുന്നു. അവിടങ്ങളി ലെല്ലാം വാഴ, മരച്ചീനി, റബ്ബർ, പച്ചക്കറി എന്നിവയുടെ കൃഷികൾ നടന്ന്വരുന്നുണ്ട്. കുറെയേറെ നിലങ്ങൾ തരം മാറ്റി കവുങ്ങ്, റബ്ബർ, തെങ്ങ് എന്നീ കൃഷികൾ ചെയ്ത് വരുന്നുണ്ട്.

പറയത്തക്ക പാരിസ്ഥിതിക പ്രശ്നങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. വലിയ വ്യാവസാ യിക വാണിജ്യ സ്ഥാപനങ്ങളും ഉൾപാദന സ്ഥാപനങ്ങളും ഇല്ലാ എന്നതും ഇതിന് അനുകൂലമായ ഘടകമാണ്. എന്നാലും ചെറുകിട സംരംഭങ്ങളിൽ നിന്നും, വീടുകളിൽ നിന്നും മറ്റുമുണ്ടാകുന്ന മാലിന്യങ്ങൾ പഞ്ചായത്തിന് ഭാവിയിൽ വെല്ലുവിളിയാകാൻ സാധ്യതയുള്ളതിനാൽ, ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് നൽകിയിട്ടുണ്ട്. കൂടാതെ നടപ്പ് വർഷത്തിൽ മാലിന്യ സംസ്കരണ പദ്ധതികൾക്ക് പഞ്ചായത്ത് ഊന്നൽ നൽകിയിട്ടുണ്ട്. പരി സ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളില്ലെങ്കിലും വനംവകുപ്പിന്റെ പ്രത്യേക സംരക്ഷണത്തിലുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്നു. പ്രകൃതി കനിഞ്ഞ് നൽകിയിട്ടുള്ള ഫലഭൂയിഷ്ടമായ ഭൂപ്രകൃതിയാണ് പഞ്ചായത്തിന്റെ ഏറ്റവും വലിയ അനുഗ്രഹം.

കാളികാവ് ഗ്രാമപഞ്ചായത്തിൽ തുടങ്ങിയ ക്ലീൻ കാളികാവ് പദ്ധതി വളരെ വിജയകര മായി മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. മാലിന്യ പരിപാലന രംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചത് പഞ്ചായത്തിലെ മുഴുവൻ പൊതുജനങ്ങളും ഇതി നോടൊപ്പം ചേർന്ന് നിന്ന് പ്രവർത്തിച്ചതുകൊണ്ടാണ്. ഒരു വർഷക്കാലമായി ഈ സംവിധാനം കാളികാവിൽ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിവരുന്നു. ടൺക്കണക്കിന് അജൈവ മാലിന്യങ്ങൾ

നമ്മുടെ നാട്ടിൽ നിന്നും നീക്കം ചെയ്തതിലൂടെ ആരോഗ്യ രംഗത്ത് അഭിവൃദ്ധി പ്രാപിക്കാൻ സാധിച്ചത് വലിയ ഒരു നേട്ടമായി കണക്കാക്കാം. ഇതിനുവേണ്ടി പ്രവർത്തിച്ച ജനപ്രതിനിധിക ളെയും സ്റ്റാഫ് അംഗങ്ങളെയും ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഉൾപ്പെടെ യുള്ള പൊതുജനങ്ങളുടെയും അകമഴിഞ്ഞ സഹകരണം സ്മരിക്കാതെ പോകുന്നത് ഉചിതമല്ല. വരും കാലങ്ങളിലും ഇത്തരം സഹകരണം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയെ ആശ്രയിച്ചാണ് ജീവിച്ചിരു ന്നത് എങ്കിലും, ഇപ്പോൾ നിർമ്മാണ മേഖലയിലും, വിദേശങ്ങളിലും ജോലി ചെയ്യുന്നവരാണ് അധി കവും. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ധാരാളം ആളുകൾ തൊഴിൽ ചെയ്ത് വരുന്നു. സ്വയം തൊഴിൽ രംഗത്ത് ഓട്ടോറിക്ഷ, മറ്റു വാഹനങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ, കച്ചവടങ്ങൾ തുടങ്ങിയവയിലൂടെയും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവ രുണ്ട്. വനിതകൾ പൊതുവെ തൊഴിൽ മേഖലയിൽ കുറവ് മാത്രമാണ് കണ്ടുവരുന്നത്. എങ്കിലും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ വനിതകൾക്ക് ധാരാളം തൊഴിലവസരങ്ങൾ തുറന്നുകിട്ടിയിട്ടുണ്ട്. അടുത്ത കാലത്തായി കുടുംബശ്രീ അയൽകൂട്ടങ്ങൾ മുതലായവയുടെ പ്രവർത്തനഫലമായി കുറെയേറെ വനിതകൾ പൊതുരംഗങ്ങളിലും, തൊഴിലുകളിലും മുൻനിര യിൽ വന്നു എന്നത് ആശ്വാസകരമാണ്.

പഞ്ചായത്തിലുള്ള ഈ മനുഷ്യസമ്പത്ത് എല്ലാ അർത്ഥത്തിലും ഗുണകരമായി ഉപയോ ഗപ്പെടുത്തുവാനും പഞ്ചായത്തിലെ നാനോന്മുഖമായ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് മുതൽകൂ ട്ടാവാൻ കഴിയട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

## ഭാഗം 2 :
# 2024-25 നടപ്പു വാർഷിക പദ്ധതി അവലോകനം

2024-25 വാർഷിക പദ്ധതിയായ നടപ്പുവാർഷിക പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയാണ്. ഉൽപാദന മേഖലയിൽ കാർഷിക രംഗത്ത് തെങ്ങ് കൃഷിക്ക് ജൈവവള വിതരണം, സമഗ്ര നെൽകൃഷിക്ക് വികസനം, കൃഷിചെലവ് ധനസഹായം, പച്ചക്കറി തൈ വിതരണം എന്നീ പ്രൊജക്ടുകൾ ഇതിനകം പൂർത്തീകരിച്ചു. മൃഗസംരക്ഷണ രംഗത്ത് മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം എന്നീ പ്രൊജക്ടുകൾ പൂർത്തീകരിച്ചു. കാർഷിക മേഖലയിൽ നിന്നും ഉള്ള കർഷകരുടെ പിന്മാറ്റം വലിയൊരളവിൽ പദ്ധതികളുടെ ലക്ഷ്യ പ്രാപ്തിക്ക് കോട്ടം ഉണ്ടാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ കർഷകരെ പിടിച്ചു നിർത്താൻ കഴിയാതെ വന്നിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന കാലിത്തീറ്റ ചെലവ് തീറ്റപ്പുൽ ലഭ്യതാ കുറവ്, കാലികളിലെ രോഗങ്ങൾ, മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങളായി നിലനിൽക്കുന്നു. വാതിൽപ്പടി സേവനം, അതിദാരിദ്ര നിർമ്മാർജ്ജനം എന്നിവ സന്നദ്ധ സേവകരുടെയും സർക്കാരിന്റെയും സഹായ സഹ കരണത്തോടെ നടപ്പിലാക്കി വരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം നല്ല നിലയിൽ നടന്നു കൊണ്ടിരിക്കുന്നു. ആരോഗ്യ മേഖലയിൽ പുത്തൻ കാഴ്ചപ്പാടുകളുമായി കൊണ്ടുവന്ന പദ്ധതിക ളായ ആരോഗ്യ ഉപകേന്ദ്രങ്ങൾ വെൽനെസ് സെന്ററുകളാക്കി മാറ്റുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. സർക്കാരിന്റെയും സാമൂഹിക-രാഷ്ട്രീയ-സന്നദ്ധ സേവകരുടെയും പിൻബലത്തിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്.

സേവനമേഖലയിൽ ആരോഗ്യ രംഗത്ത് വൃദ്ധർക്ക് മരുന്ന് വിതരണം പൂർത്തിയായി. പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി, വൃക്കരോഗികൾക്ക് മരുന്ന് വാങ്ങൽ, ഡയാലിസിസ് കിറ്റ് എന്നിവ പൂർത്തിയായി വരുന്നു. ഹോമിയോ ആശുപത്രിയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തി. ലൈഫ് മിഷൻ പദ്ധതിയിൽ വീടുകൾക്ക് ഭവന നിർമ്മാണ പൂർത്തീകരണത്തിനും ധനസഹായം നൽകി. സാമൂഹ്യ ക്ഷേമരംഗത്ത് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ 2158200 രൂപ ചെലവാക്കി. 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകാൻ നടപടികൾ സ്വീകരിച്ചു. അംഗനവാടി കുട്ടികൾക്കും മറ്റുമുള്ള അനുപൂരക പോഷകാഹാര പരിപാടി പൂർത്തീകരിച്ചു. വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. വിഹിതം നൽകൽ, സ്കൂളുകൾക്ക് ഫർണ്ണി ച്ചർ വാങ്ങൽ, കളക്ടേഴ്സ് അറ്റ് സ്കൂൾ എന്നീ പദ്ധതികൾ പൂർത്തിയായി. കുടിവെള്ള വിതരണ മേഖലയിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും, കുടിവെള്ള ടാങ്കിനുള്ള നിർമ്മാ ണത്തിന് സ്ഥലം വാങ്ങുന്നതിന് നടപടി ക്രമങ്ങൾ നടന്നുവരികയും ചെയ്യുന്നു. മാലിന്യ നിർമ്മാർജ്ജന

പദ്ധതിയുടെ ഭാഗമായി കിച്ചൺ ഡയജസ്റ്റർ വിതരണം നടത്തി. പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടിക ജാതി - പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിച്ചു. ബഡ്സ് റീഹാബിലി റ്റേഷൻ സെന്റർ പ്രവർത്തനം പഞ്ചായത്തിൽ മികച്ച രീതിയിൽ പ്രാവർത്തികമാക്കി. പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ എന്നിവ പൂർത്തീകരിക്കുകയും, പഞ്ചായ ത്തിൽ ഓൺലൈൻ സംവിധാനം ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തു.

പശ്ചാത്തല മേഖലയിൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. പട്ടികജാതി വികസന മേഖലയിൽ കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർടാങ്ക് വിതരണം ചെയ്തു. ബിരുദാനന്തര വിദ്യാർത്ഥികൾക്ക് മെറിട്ടോറിയൽ സ്കോളർഷിപ്പ് വിതരണം, അംഗനവാടി ഫീഡിങ്ങ് തുടങ്ങിയ പദ്ധതികൾ പൂർത്തീകരിച്ചു.

### ഭാഗം 3

# പ്രശ്ന വിശകലനവും, പ്രശ്ന പരിഹാര സാധ്യതകളും.

| പ്രശ്നങ്ങൾ ഒറ്റ നോട്ടത്തിൽ | പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ, സാധ്യതകൾ |
|---|---|
| 1. ജനങ്ങൾക്ക്, കൃഷിയിലുള്ള താൽപര്യം കുറഞ്ഞു വരുന്നു. | കൃഷി നഷ്ടമായി മാറി. അതിനുകാരണം വർധിച്ച കൂലിചെലവ്, കൂലിക്കാരെ കിട്ടാനില്ല, ഭക്ഷണ സാധനങ്ങൾ യഥേഷ്ടം വാങ്ങുവാൻ കിട്ടും<br>പരിഹാരം:- എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും സർക്കാർ നിശ്ചിത വില നിശ്ചയിക്കണം. |
| 2. ജൈവ പച്ചക്കറികളും, മറ്റു കാർഷി കോൽപ്പന്നങ്ങളും വാങ്ങുവാൻ പോലും കിട്ടുന്നില്ല. അതുമൂലം കാൻസർ പോലുള്ള രോഗം കൂടി വരുന്നു. | ജൈവ കൃഷിക്ക് പ്രത്യേക പ്രോത്സാഹന പദ്ധതിക്ക് രൂപം നൽകണം, സബ്സിഡി നൽകണം, ജൈവ ഉൽപന്നങ്ങൾ മാർക്കറ്റിൽ ലഭ്യമാക്കണം. |
| 3. മൃഗസമ്പത്ത് കുറഞ്ഞ് വരുന്നു, പശു വളർത്തൽ ഇല്ലാതാകുന്നു, മുട്ടക്കോഴി പോലും വളർത്തുന്നില്ല. | കർഷകർക്ക് എല്ലാ സാധനങ്ങളും മാർക്കറ്റിൽ ലഭിക്കുന്നതിനാൽ വളർത്തി ബുദ്ധിമുട്ടേണ്ട ആവശ്യമില്ല എന്ന മനോഭാവം.<br>സർക്കാർ ജോലിക്ക് മാത്രം മാന്യത എന്ന ചിന്താഗതിയും |
| 4. സ്വയം തൊഴിൽ സംരംഭങ്ങൾ കൂടുതലായി ഉണ്ടാകുന്നില്ല | 1. തൊഴിൽ പരിശീലനം ഫലപ്രദമായി നൽകണം.<br>2. ബാങ്ക് വായ്പ സൗകര്യങ്ങൾ പരിമിതം. ഈ സ്ഥിതി മാറ്റണം.<br>3. വിദ്യാഭ്യാസ പദ്ധതിയിൽ തൊഴിൽദാതാക്കളായി മാറുവാനുള്ള പ്രയോദനം നൽകുന്നു. |
| 5. റോഡുകൾ നിലവാരം പോര, ഗതാഗത യോഗ്യമല്ല, സോളാർ ഊർജ്ജ പ്രോത്സാഹന പദ്ധതികൾ ഒന്നുംതന്നെയില്ല. | 1. സോളാർ വൈദ്യുതി ഉൽപാദിപ്പിച്ച് വിൽപനയ്ക്കുള്ള ധനസഹായം.<br>2. കാലാവസ്ഥയ്ക്ക് അനുസൃതമായി റോഡുകൾ പണി കഴിപ്പിക്കണം.<br>3. സർക്കാർ പ്രത്യേക ഫണ്ട് റോഡിനായി നൽകൽ<br>4. മൂന്ന് കൊല്ലത്തെ ഗ്യാരണ്ടി കരാറുകാരിൽ നിന്നും വാങ്ങണം. |

| പ്രശ്നങ്ങൾ ഒറ്റ നോട്ടത്തിൽ | പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ, സാധ്യതകൾ |
|---|---|
| 6. പട്ടികജാതിക്കാർ പ്രതീക്ഷിക്കുന്ന വേഗത്തിൽ മുൻ നിരയിലേക്ക് വരുന്നില്ല. | 1. അവകാശങ്ങളെപറ്റി അവബോധമില്ലായ്മ മാറ്റണം.<br>2. കുടുംബം കേന്ദ്രീകരിച്ച് സമഗ്ര വികസനം ഉറപ്പാക്കണം.<br>3. എല്ലാവർക്കും വീട്, വിദേശജോലിക്ക് ധനസഹായം. |
| 7. ജലസേവന സൗകര്യങ്ങൾ ഇല്ലാതാകുന്നു. | നിലവിലുള്ള കുളങ്ങൾ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കണം. |
| 8. പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മാണത്തിന് സ്ഥലമില്ല | സ്ഥലം വാങ്ങി നൽകണം, വീടും നൽകണം. |
| 9. കുടുംബശ്രീ പ്രവർത്തനം മന്ദഗതിയിലാണ്. | സ്ത്രീ ശാക്തീകരണ പ്രവർത്തികളും, ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളും നിയന്ത്രിക്കേണ്ട കുടുംബശ്രീ അയൽകൂട്ടങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകണം. |
| 10. ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കണം. | കേരള വാട്ടർ അതോറിറ്റിയുടെ മധുമല കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ഘട്ടംഘട്ടമായി കാളികാവ് പഞ്ചായത്തിന്റെ 19 വാർഡുകളിലേക്കും എത്തിക്കുക |
| 11. മാലിന്യ ശുചിത്വ പരിപാടി | മാലിന്യ സംസ്കരണത്തിന് സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കുക. |
| 12. സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ കുറവ് | 1. സ്കൂളുകൾ ശിശു സൗഹൃദമാക്കണം.<br>2. വിദ്യാഭ്യാസ ഹൈടെക് ആക്കണം, സ്മാർട്ട് ആക്കണം, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ സ്ഥാനം നൽകണം. |
| 13. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. | സാധന സാമഗ്രികൾ വാങ്ങുവാൻ പദ്ധതിച്ചെലവിന്റെ 40% ചെലവഴിക്കണം. അങ്ങനെ റോഡുകളടക്കം നിർമ്മിക്കണം. |

# ഭാഗം 4
## വികസന കാഴ്ചപ്പാട്, തന്ത്രം, നയസമീപനം.

| വികസന കാഴ്ചപ്പാട് | തന്ത്രം | നയ സമീപനം |
|---|---|---|
| 1. ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ച | എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ അടിസ്ഥാന മേഖലയിൽ ധനസഹായം | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും ചെറുകിട കർഷകർക്കും മുൻഗണന |
| 2. പരിസ്ഥിതി സൗഹൃദ വികസനം | ജലസ്രോതസ്സുകൾ സംരക്ഷിക്കൽ, ഭൂമിയിലെ ജലവിധാനം ഉയർത്തൽ | ജൈവകൃഷി പ്രോത്സാഹനം അതേസമയം കൂടുതൽ വിളവിനായി ടിഷ്യൂകൾച്ചർ ഹൈടെക് കൃഷി ഫാമുകളും. |
| 3. മാനവ വികസനം | പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗക്കാർക്കും, സാമ്പത്തികമായി കഷ്ടപ്പെടുന്നവർക്കും ധനസഹായം | കുടുംബം അടിസ്ഥാന ഘടകമായി എടുത്തുകൊണ്ടുള്ള സമഗ്ര വികസനം |
| 4. ജീവിത ഗുണനിലവാരം ഉയർത്തുക | എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനത്തിനും സമഗ്ര വികസനം | ലോകനിലവാരത്തിനനുസരിച്ച് റോഡ്, സംസ്കാരം, വിദ്യാഭ്യാസം, പരിസര ശുചിത്വം. |
| 5. സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ | എല്ലാ വിഭാഗം ജനങ്ങളും ഗുണഭോക്താക്കൾ, കമ്പ്യൂട്ടർവൽക്കരണത്തിന് പ്രാധാന്യം | ആശുപത്രികൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും കുറ്റമറ്റ നിലയിലുള്ള സേവനം സ്കൂളുകൾ, അംഗൻവാടികൾ ഇവിടങ്ങളിൽ ശിശു സൗഹൃദ അന്തരീക്ഷം |
| 6. സാമൂഹ്യ നീതി ഉറപ്പാക്കൽ | പാവപ്പെട്ടവനും, പട്ടികജാതി വിഭാഗക്കാർക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും, വയോജനങ്ങൾക്കും, ഭിന്നശേഷിയുള്ളവർക്കും പ്രത്യേക പരിഗണന, അനീതികൾക്കെതിരെ പോരാട്ടം. | ലഹരിവിമുക്ത ഗ്രാമം, സ്ത്രീധന രഹിതഗ്രാമം, വ്യവഹാര രഹിതഗ്രാമം, ആശ്രയ, പരിരക്ഷ, മനോരോഗി പരിപാലനം തുടങ്ങിയ പരിപാടികൾക്ക് പ്രാധാന്യം നൽകും. ശിശുകൾക്കും, സ്ത്രീകൾക്കുമായും വയോജനങ്ങൾക്കായും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടിയും പ്രത്യേക പരിപാടികൾ. ദുരിതാശ്വാസ നിധി |

| വികസന കാഴ്ചപ്പാട് | തന്ത്രം | നയ സമീപനം |
|---|---|---|
| 7. നിലവാരമുള്ള വിദ്യാഭ്യാസം, യുവജനക്ഷേമ പരിപാടികൾ, 4G പദ്ധതികൾ | ഐ.ടി. വികസനം, ജി.പി.എസ്. സംവിധാനം, സ്മാർട്ട് ക്ലാസ് റൂമുകൾ | ഹൈടെക് വിദ്യാഭ്യാസം, വയോജന കമ്പ്യൂട്ടർ സാക്ഷരത, കളിസ്ഥലങ്ങൾ, ജിമ്മുകൾ, നീന്തൽകുളങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ |
| 8. സുസ്ഥിര സാമ്പത്തിക വികസനം | തൊഴിൽ സംരംഭക പരിശീലനങ്ങൾ, വ്യക്തിത്വ വികസന പരിപാടികൾ | പാവപ്പെടവന് മുൻഗണന നൽകുമ്പോൾ തന്നെ താൽപര്യമുള്ളവർക്കെല്ലാം പരിഗണന |
| 9. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ | കൂടുതൽ കാർഷികോൽപാദനം, പച്ചക്കറി, പാൽ, തേൻ, മത്സ്യം, മാംസം, കിഴങ്ങുവർഗ്ഗങ്ങൾ ഇവക്കെല്ലാം പ്രോത്സാഹനം കൂടുതൽ നന്മ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ. | വിശപ്പുരഹിതഗ്രാമം പദ്ധതി, പരമ്പരാഗത ഭക്ഷണ രീതിക്ക് പ്രോത്സാഹനം. ചക്ക, മാങ്ങ, പപ്പായ, നാടൻ പച്ചക്കറികൾ എന്നീ ജൈവ ഭക്ഷണ സാധനങ്ങൾ സംസ്കരിക്കലിന് സബ്സിഡി, ഭക്ഷണദുരുപയോഗത്തിനെതിരെ ബോധവൽക്കരണം |
| 10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുരോഗതിക്ക് | പഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിക്കും പൊതു-സ്വകാര്യ കൃഷി സ്ഥലങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ | റോഡ്, കുളം, കിണർ, വീട് എന്നിവ നിർമ്മിക്കുവാനും, മണ്ണ് ജല സംരക്ഷണത്തിനും, എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രയോജനപ്പെടുത്തും. |
| 11. ജലസേചന-ശുദ്ധ ജല സ്രോതസ്സ് വർദ്ധിപ്പിക്കൽ | പൊതുസ്വകാര്യ ജലസ്രോതസ്സുകൾ വികസിപ്പിക്കും | പുഴകളിലും, തോടുകളിലും തടയണകൾ നിർമ്മിച്ച് ജലവിതാനം ഉയർത്തും. വരുംതലമുറക്ക് ശുദ്ധ ജലം ഉറപ്പാക്കും, ജലനിധി പദ്ധതി ഇതിനായി പ്രയോജനപ്പെടുത്തും |

ഭാഗം 5

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

2026-27 വാർഷിക പദ്ധതി/പതിനാലാം പഞ്ചവത്സര പദ്ധതി

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര്: കാളികാവ് ഗ്രാമപഞ്ചായത്ത്

വർഷം: 2026-27

വിഭവ സ്രോതസ്സുകൾ

| ക്രമ നമ്പർ | പ്രതീക്ഷിത വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന തുക |
|---|---|---|---|
| 1. | വികസന ഫണ്ട് | പൊതുവിഭാഗം | 32354000 |
| | | പട്ടികജാതി ഉപ പദ്ധതി | 7678400 |
| | | പട്ടിക വർഗ്ഗ ഉപ പദ്ധതി | 224000 |
| | | ആകെ | **4,02,56,400** |
| 2. | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | - |
| | | അൺ ടൈഡ് | - |
| 3. | ലോക ബാങ്ക് വിഹിതം | | 0 |
| 4. | മെയിന്റനൻസ് ഫണ്ട് | റോഡ് ഇതരം | 13715600 |
| | | റോഡ് | 28385600 |
| | | ആകെ | **4,21,01,200** |
| 5. | തനത് ഫണ്ട് | | 1725600 |
| 6. | സംസ്ഥാനവിഷ്കൃത പദ്ധതി വിഹിതം | | 7100000 |
| 7. | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | 12500000 |
| 8. | വായ്പ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 9. | വായ്പ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | 0 |
| 10. | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടക്കുന്നത് | | 0 |
| 11. | ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നത് | | 18323000 |
| 12. | സന്നദ്ധ സേവനം | | 0 |
| 13. | സംഭാവന | | 0 |
| 14. | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | 0 |
| | | ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് | 8015000 |
| | | ജില്ലാ പഞ്ചായത്തിൽ നിന്ന് | 5850000 |
| | | ആകെ | **1,38,65,000** |
| 15. | മറ്റുള്ളവ | | **18323000** |

## ഭാഗം 8
# വായ്പാ ബന്ധങ്ങൾ

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുള്ള വിഭവങ്ങൾ പ്രധാനമായും പദ്ധതി വിഹിതങ്ങളും, ലോകബാങ്ക് സഹായങ്ങളും, വിവിധ ഗ്രാന്റുകളും, ത്രിതല പഞ്ചായത്തുകളുടെ സഹായവും, എം.പി.-എം.എൽ.എ. ഫണ്ടുകൾ, പഞ്ചായത്തിന്റെ തനത് വരുമാന മാർഗ്ഗങ്ങൾ എന്നിവയാണ്. എന്നാൽ മേൽപറഞ്ഞപോലെ ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമല്ല. ആയതിനാൽ അധിക വിഭവ സമാഹരണത്തിനായി വിവിധ ധനകാര്യ-വാണിജ്യ ബാങ്കുകളുമായി ചർച്ച നടത്തി നടപ്പാക്കാൻ പറ്റുന്ന പ്രവൃത്തികൾ ഏതെന്ന് കണ്ടുപിടിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ബാങ്ക് പ്രതിനിധികളുടെയും മറ്റു വിദഗ്ദരുടെയും യോഗം ചേർന്ന് പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് അവരുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തി.

## ഭാഗം 9
# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതിവിഹിതം, വിവിധ ഗ്രാന്റുകൾ, തനത് വരുമാനം എന്നിവ കൊണ്ട് പഞ്ചായത്തിന്റെ അനന്തമായ വികസന സാധ്യതകളെ പൂർത്തീകരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാകുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികളെയും, സംസ്ഥാനാവിഷ്കൃത പദ്ധതികളെയും പഞ്ചായത്ത് പദ്ധതിയുമായി സംയോജി പ്പിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളെ ഗ്രാമപഞ്ചായത്ത് പദ്ധതികളുമായി സംയോജിപ്പിക്കുക വഴി പഞ്ചായത്തിലെ പശ്ചാത്തല മേഖലയുടെയും സേവന മേഖലയുടെയും, ഉൽപ്പാദന മേഖലയുടെയും വികസനം കൂടുതൽ സാധ്യമാകും എന്ന് വിശ്വസിക്കുന്നു.

## ഭാഗം 10
# മോണിറ്ററിംഗ്

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വിശാലമായ രീതിയിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മേഖലയിലെ പ്രമുഖരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന എല്ലാ പ്രൊജക്ടുകൾക്കും ആരംഭം മുതൽ പൂർത്തീകരണം വരെ എല്ലാ ഘട്ടങ്ങളിലും ഗുണമേന്മയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് അപാകതകൾ ഉണ്ടെങ്കിൽ അപ്പോൾ തന്നെ പരിഹരിക്കുന്നതിന് അതത് മേഖലയിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കുന്നുണ്ട്. ആയതിന് വേണ്ട പ്രത്യേക പരിശീലനം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്നതാണ്. പദ്ധതി അംഗീകാരത്തിന് ശേഷം ഓരോ വിഷയ മേഖലയെക്കുറിച്ചുള്ള പ്രൊജക്ടുകളെ പ്രത്യേക ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തും. കൂടാതെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ക്കൊണ്ട് പദ്ധതി പ്രവർത്തനത്തിന്റെ സമഗ്രത, സുതാര്യത, ഗുണമേന്മ, സമയ ബന്ധിത പൂർത്തീകരണം തുടങ്ങിയ കാര്യങ്ങൾ ഉറപ്പ് വരുത്തും.

# കാളികാവ് ഗ്രാമപഞ്ചായത്ത് മുൻഭരണ സാരഥികൾ



ശ്രീ. കെ. കുഞ്ഞാലി



ശ്രീ. ഇ.പി. അലവി
(നാണി ഹാജി)



ശ്രീ. വി. അപ്പുണ്ണി



ശ്രീ. എ.പി. ബാപ്പുഹാജി



ശ്രീമതി. അന്നമ്മാ മാത്യു



ശ്രീമതി. കെ. സീതാലക്ഷ്മി



ശ്രീ. കെ. കുഞ്ഞിമുഹമ്മദ്
(കുഞ്ഞാപ്പഹാജി)



ശ്രീ. ടി. ഹസ്സൻ



ശ്രീ. എം. അബ്ദുൽ മജീദ്



ശ്രീമതി. ആലിപ്പറ്റ ജമീല



ശ്രീ. എൻ. സൈതാലി



ശ്രീ. കെ. നജീബ് ബാബു




ശ്രീ. വി.പി. അബ്ദുൽ നാസർ



ശ്രീ. ഗോപി താളിക്കുഴിയിൽ



ശ്രീ. ഷിജിമോൾ പി.


Amarambalam
Wandoor
Chokkad
Porur
Thuvvur
Karuvarakundu
Pandikkad
N
1
2
3
4
5
6
7
8
9
10
11
12
13
14
15
16
17
18
19
20
21
22
11°10'
Ward Boundary
1-KARUTHENI
2-MOOCHIKKAL
3-ANCHACHAVIDI
4-PALLISSERI
5-PUTTAMANNA
6-AMBALAKKADAVU
7-KALIKAVU TOWN
8-MELE KALIKAVU
9-ADAKKAKUND HS PADI
10-ADAKKAKUNDU
11-PARASSERI
12-ENADI
13-CHENKOD
14-CHAZHIYOD
15-KALLAMKUNNU
16-THANDUCODE
17-ILASSERI
18-VELLAYOOR
19-CHITTAYIL
20-PULIYAMKALLU
21-CHERIPALAM
22-POONGOD